# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

20/06/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T. 3221

### തൃപ്തി ഹോട്ടലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | ബജറ്റിൽ പ്രഖ്യാപിച്ച തൃപ്തി ഹോട്ടലുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ; | (എ) | 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 24-ാം ഖണ്ഡികയിൽ പ്രസ്താവിച്ച തൃപ്തി ന്യായവില ഹോട്ടലുകൾ കുടുംബശ്രീ വഴി തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. ഇത് എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഹോട്ടൽ ഭക്ഷണത്തിന്റെ വിലവർദ്ധനവും ശുചിത്വ-മില്ലായ്മയും പരിഗണിച്ച് തൃപ്തി ഹോട്ടലുകൾ അടിയന്തിരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത ഹോട്ടലുകൾ ആരംഭിക്കുന്നതിന് വ്യക്തികളേയും സ്ഥാപനങ്ങളേയും സഹകരിപ്പിക്കുന്നത് പരിശോധിക്കുമോ ; | (സി) | കുടുംബശ്രീ വഴി നടത്തുന്ന ഭക്ഷണശാലകൾ കുടുംബശ്രീ സൂക്ഷ്മ സംരംഭ ഗ്രൂപ്പുകളുടെ മേൽനോട്ടത്തിൽ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. വ്യക്തികളെയും സ്ഥാപനങ്ങളെയും സഹകരിപ്പിക്കുന്നത് സംബന്ധിച്ച കാര്യം ആവശ്യമെങ്കിൽ പിന്നീട് പരിശോധിക്കുന്നതാണ്. |
| (ഡി) | എല്ലാ നിയോജകമണ്ഡലങ്ങളിലും തൃപ്തി ഹോട്ടലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കുടുംബശ്രീ വഴി എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും തൃപ്തി ഹോട്ടലുകൾ ആരംഭിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

(signature)
സെക്ഷൻ ഓഫീസർ